## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2140 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **വനിത ശിശു വികസന വകുപ്പിന്റെ പ്രവർത്തനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) പുതുതായി രൂപീകരിച്ചിട്ടുള്ള വനിത ശിശു വികസന വകുപ്പിന് എന്നത്തേയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) 30.06.2017 ലെ സ.ഉ(കൈ) നം.24/2017/സാനീവ ഉത്തരവ് പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് പുതിയതായി വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 31.08.2017 ലെ സ.ഉ (കൈ) നം.288/2017/പൊ.ഭ.വ ഉത്തരവ് പ്രകാരം റൂൾസ് ഓഫ് ബിസിനസ് ഭേദഗതി ചെയ്തും ഉത്തരവായിട്ടുണ്ട്. 21.01.2018 ലെ സ.ഉ(സാധാ) നം.26/2018/സാനീവ ഉത്തരവ് പ്രകാരം വിഷയ വിഭജനം, ക്ഷേമ സ്ഥാപനങ്ങളുടെ കൈമാറ്റം മുതലായവ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. വനിതാ-ശിശു വികസന വകുപ്പിന്റെ ഡയറക്ടറേറ്റ് കാര്യാലയം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷ ആരംഭത്തോടെ വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ എന്ന് പ്രവർത്തനം ആരംഭിക്കും; ഇതുസംബന്ധിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) ജില്ലാതലത്തിൽ ഓഫീസുകളുടെ പ്രവർത്തനം നിലവിൽ ആരംഭിച്ചിട്ടില്ല. ജില്ലാതലത്തിൽ ഓഫീസർമാരെ നിയമിക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ ജില്ലാ ഓഫീസർമാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കാനാകില്ല. 21.01.2018 ലെ സ.ഉ(സാധാ) നം.26/2018/സാനീവ ഉത്തരവ് പ്രകാരം പുതിയതായി അനുവദിക്കപ്പെട്ട ജില്ലാ വനിതാ-ശിശു വികസന ഓഫീസറുടെ താൽക്കാലിക ചുമതല ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ